VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട് പരിഗണന

ശ്രീ. എ. സുജനപാൽ : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2004-ലെ കേരള വാനില കൃഷി വ്യാപനത്തിന് കർഷകരെ പ്രാപ്തരാക്കുന്നതിലേക്കും വാനില സംസ്ക്കരണ-വിപണന അതോറിറ്റി സംസ്ഥാപനവും ബിൽ

ശ്രീ. പി. ടി. തോമസ് : സർ, 2004-ലെ കേരള വാനില കൃഷി വ്യാപനത്തിന് കർഷകരെ പ്രാപ്തരാക്കുന്നതിലേക്കും വാനില കൃഷി സംസ്ക്കരണ-വിപണന അതോറിറ്റി സംസ്ഥാപനവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വാനില കൃഷി വിപണി പ്രധാനമായും അന്താരാഷ്ട്ര വിപണിയുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. കേന്ദ്ര ഗവൺമെന്റിനും സ്പൈസസ് ബോർഡിനും ഇതുമായി ബന്ധപ്പെട്ട് ചില താല്പര്യങ്ങളുണ്ട്. ഇങ്ങനെ വിവിധ രൂപത്തിൽ അന്താരാഷ്ട്ര വിപണിയുമായി കണക്ട് ചെയ്തു നിൽക്കുന്നതുകൊണ്ടും ഇന്ത്യാ ഗവൺമെന്റിനും സ്പൈസസ് ബോർഡിനും ഇതുമായി ബന്ധങ്ങളുണ്ട് എന്നുള്ളതുകൊണ്ടും അവരുടെ താല്പര്യങ്ങൾ എന്താണെന്നു മനസ്സിലാക്കിയാൽ മാത്രമേ ഒരു നിയമനിർമ്മാണത്തിലേക്ക് പോകാൻ കഴിയു. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് നിലപാട്, വേണമെങ്കിൽ, സ്പൈസസ് ബോർഡിനോട് അഭിപ്രായം തേടിച്ച് അവരുടെ അഭിപ്രായം നമുക്ക് നോക്കാം. അത് നമുക്ക് പരിശോധിക്കാം. അങ്ങ് സൂചിപ്പിച്ച കാര്യത്തെക്കുറിച്ച് പറഞ്ഞാൽ ഞാൻ ഈ ബില്ലിന്റെ സ്പിരിറ്റിനെ എതിർക്കുന്നില്ല. പക്ഷേ നിയമപരമായ നടപടിയിലേക്ക് പോകുമ്പോൾ തീർച്ചയായിട്ടും അവരുടെ അഭിപ്രായംകൂടി പരിഗണിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഈ സന്ദർഭത്തിൽ ഈ പ്രമേയത്തെ ഒപ്പോസ് ചെയ്യുകയാണ്.

ശ്രീ. പി. ടി. തോമസ് : സർ, കേരളത്തിന്റെ സമഗ്രഘടന തകർച്ചയെ നേരിട്ട ഘട്ടങ്ങളിലൊക്കെ ആ തകർച്ചയിൽനിന്നും കേരളത്തെ രക്ഷിക്കാൻ മുന്നോട്ട് വന്നിട്ടുള്ളത് നാണ്യവിള കൃഷിക്കാരാണ്. കേരളത്തിൽ പ്രത്യേകിച്ച്

LIBRARY ARCHIVES Kerala Legislative Assembly

മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും കൂടുതൽ വരുമാനത്തിന്റെ സ്രോതസ്സായ റബ്ബർ ഒരു തെക്കേ അമേരിക്കൻ ഉല്പന്നമായിരുന്നു. അത് നമ്മുടെ നാട്ടിൽ ഫലപ്രദമായി പരീക്ഷിക്കുകയും കേരളത്തിന്റെ സമ്പദ്ഘടനയെ അത് വളരെയേറെ സഹായിക്കുകയും അതുവഴി ഇന്ത്യയുടെ സമ്പദ്ഘടനയ്ക്കുപോലും ഉപോത്ബലകമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുമുണ്ടായി. അതുപോലെതന്നെ ഒരു തെക്കേ അമേരിക്കൻ രാഷ്ട്രത്തിൽ കൃഷി ചെയ്തുവന്നിരുന്ന ഉല്പന്നമാണ് വാനില. വാനില ഇന്ന് പല തരത്തിലുണ്ട്. ഓർക്കിഡ് കുടുംബത്തിൽപ്പെട്ട ഒരു വള്ളിച്ചെടിയാണ് വാനില. ഉഷ്ണമേഖല പ്രദേശത്ത് നന്നായി വളരുകയും ഭക്ഷ്യവസ്തുക്കൾക്ക് സ്വാദും ഗന്ധവും പ്രധാനം ചെയ്യുന്ന, സത്ത് അടങ്ങിയിരിക്കുന്ന കായ് കിട്ടുന്നതിനുവേണ്ടിയാണ് ഇത് കൃഷി ചെയ്യുന്നത്. വാനിലയിൽ അമ്പതിൽപ്പരം ഇനങ്ങൾ ഉണ്ടെങ്കിലും മൂന്ന് ഇനങ്ങൾക്കു മാത്രമേ സാമ്പത്തിക പ്രാധാന്യമുള്ളൂ. വാനില വാനിഹോളിയ, വാനില എസോബഷപ്, വാനില താലിസെറ്റ് എന്നീ മൂന്നിനങ്ങളാണ് പ്രധാനമായിട്ട് നമ്മുടെ കേരളം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നത്. കാലാവസ്ഥയോട് അനുയോജ്യമായ സാഹചര്യങ്ങളുമൊക്കെ ഉപയോഗപ്പെടുത്തിയാണ് ഈ കൃഷി നടപ്പാക്കുവാൻ കഴിയുന്നത്. 1990-ൽ സ്പൈസസ് ബോർഡ്, എറണാകുളം ജില്ലയിലെ രാമമംഗലം എന്ന ഗ്രാമത്തിൽ ഇതിന്റെ കൃഷി മാതൃകാപരമായി, ഒരു പരീക്ഷണമായി നടപ്പാക്കുകയും അത് വിജയകരമാണെന്നു കണ്ട് വായ്പയുമൊക്കെ കൊടുത്തു വരികയുമുണ്ടായി. പിന്നീട് കുരുമുളകിന്റേയും ഏലത്തിന്റേയുമൊക്കെ വിലയിടിവിനേയും, കൊക്കോയുടെ വിലയിടിവിനേയും തുടർന്ന് കൃഷിക്കാർ ധാരാളമായി വാനില കൃഷിയിലേക്ക് വരുന്ന സാഹചര്യമുണ്ടായി. ഏകദേശം ഇരുപതിനായിരത്തോളം കൃഷിക്കാരാണ് ഇന്ന് കേരളത്തിൽ വാനില കൃഷിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. അത് വൻകിട കൃഷിക്കാരൊന്നുമല്ല. ഇരുപതു ചെടികൾ മുതൽ രണ്ടായിരം ചെടികൾവരെ വളർത്തുന്ന ഇരുപതിനായിരത്തോളം കൃഷിക്കാർ ഇന്ന് കേരളത്തിൽ വാനില മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. വാനിലയുടെ ആഗോള ആവശ്യകതയെന്നു പറയുന്നത് മൂപ്പത്തിരണ്ടായിരം ടൺ ആണ്. എന്നാൽ ഇന്ന് ലോകത്ത് ഉല്പാദിപ്പിക്കുന്ന വാനില ഇരുപതിനായിരം ടൺ മാത്രമാണ്. പ്രത്യേകിച്ച് ജൈവ പ്രാധാന്യമുള്ള കാർഷിക വിളകളെ സംബന്ധിച്ചുള്ള പുതിയ അവബോധവും പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യ രംഗത്തെ നിരവധി പ്രശ്നങ്ങളുംമൂലം കൃത്രിമ വാനലീയം ലോകത്തെമ്പാടത്തും നിരോധിച്ചിരിക്കുകയാണ്. എന്നാൽ ഇന്ന് ഏറ്റവും കൂടുതൽ കൃത്രിമ വാനലീയം ഉപയോഗിക്കുന്ന നാട് ഇന്ത്യയായി മാറിയിരിക്കുകയാണ്. ഇന്ന് മുപ്പത്തിരണ്ടായിരം ടൺ വാനിലയാണ് ലോകത്ത് ആവശ്യമെങ്കിലും ഇരുപതിനായിരം ടൺ മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂവെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇതിൽ കേവലം മുപ്പതു ടൺ മാത്രമാണ് ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്നത്. മുപ്പതു ടൺ വാനില ഉല്പാദിപ്പിക്കുന്നതിന് ന്യായമായ വില കൊടുക്കുവാൻ കേരളാ ഗവൺമെന്റിനു കഴിയണം. കഴിഞ്ഞ വർഷം ഒരു കിലോയ്ക്ക് 3,500 രൂപ മുതൽ 3,700 രൂപ വരെ പച്ച വാനിലയുടെ ബീൻസിന് വില കിട്ടിയിരുന്നു. ഉണങ്ങിയ വാനിലയ്ക്ക് ഏകദേശം ഇരുപത്തിയയ്യായിരം രൂപയോളം വിലവന്നു. ഇന്ന് അതിനു ഇരുന്നൂറ്റിയമ്പതു രൂപ മുതൽ മുന്നൂറ്റിയമ്പതു രൂപവരെ മാത്രമേയുള്ളൂ. അതുപോലും എടുക്കുവാൻ ആളില്ലാത്ത ഒരു സാഹചര്യം വന്നിരിക്കുകയാണ്. കേരളം വല്ലാത്ത ബുദ്ധിമുട്ടേറിയ ഒരു സാഹചര്യത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പച്ച വാനിലയ്ക്ക് അഞ്ഞൂറു രൂപയെങ്കിലും കിട്ടിയാൽ കൃഷിക്കാർക്ക് കഷ്ടിച്ചെങ്കിലും പിടിച്ചു നിൽക്കാം. സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം വാനില പ്രോസസ് ചെയ്യുന്ന കമ്പനികളൊന്നും ഇവിടെയില്ല എന്നുള്ളതാണ്. അടുത്ത കാലത്ത് ഇൻഫാം-ഉം ആയി ബന്ധപ്പെട്ട് 'VANILCO- Vanila India Production Company' അതുപോലെതന്നെ മഡഗാസ്കറിൽ ബേസ് ചെയ്തിട്ടുള്ള 'പ്രിമാറ്റ' എന്നുപറയുന്ന കമ്പനി, പിന്നെ കേരളത്തിലുണ്ടായിരുന്ന 'എ.വി.ടി യും' 'സിന്തൈറ്റ്സും' ഇത് എടുത്തുകൊണ്ടിരുന്നു. അവർ അത് നിർത്തി. അങ്ങനെ വന്നപ്പോഴാണ് ഇത് വല്ലാത്ത ഒരു പ്രതിസന്ധിയിൽ വന്നിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് പത്തുകോടി രൂപ മുടക്കുവാൻ തയ്യാറായാൽ അഞ്ചു സെന്റു മുതൽ മുകളിലേക്ക് കൃഷി ചെയ്യാൻ കഴിയുന്ന ഒരു ലക്ഷത്തോളം കുടുംബങ്ങളിൽ വാനില കൃഷി വ്യാപകമാക്കാനും അതുവഴി അഞ്ചു ലക്ഷം മുതൽ പത്തു ലക്ഷം ആളുകൾക്ക് ജീവിത സൗകര്യം കണ്ടെത്താനും കഴിയും. ഇതിന്റെ പരാഗണം കൃത്രിമമായി ആണ് നടത്തേണ്ടത്. ഒരു മണിക്കൂർ ചെടികളിൽ പരാഗണം നടത്തിയാൽ ഒരു ചെടിക്ക് പതിനഞ്ചു പൈസവച്ച് കൊടുക്കും. സ്കൂൾ കുട്ടികൾപോലും സ്കൂളിൽ പോകുന്നതിനുമുമ്പ് ഒരു മണിക്കൂർ പരാഗണം ചെയ്താൽ അവർക്ക് നൂറു രൂപ കിട്ടും. രാവിലെ ആറു മണി മുതൽ പതിനൊന്നു മണിവരെയുള്ള സമയത്തിനിടയിലാണ് ഈ പരാഗണം നടക്കേണ്ടത്. ഇത് വീട്ടിലിരിക്കുന്ന സ്ത്രീകൾക്കുമൊക്കെ വലിയ ഒരു വരുമാനമാർഗ്ഗമാക്കി മാറ്റിയെടുക്കുവാൻ നമുക്കു കഴിയും. അങ്ങനെ കേരളത്തിന്റെ സമ്പദ്ഘടനയെ പിടിച്ചു നിർത്താൻ ഏറ്റവും ഫലപ്രദമായ ഒന്നായി ഇതിനെ മാറ്റാൻ നമുക്ക് കഴിയണം. സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലാണ് ഇതിന്റെ വിളവെടുപ്പ്. ആ സമയങ്ങളിൽ കർഷകന് ഒരു അഞ്ഞൂറ്, അറുന്നൂറു രൂപ വച്ചുകൊടുത്താൽ ഇത് ഫലപ്രദമായി നിർത്താൻ കഴിയും. ആ കാലഘട്ടത്തിൽ ഈ വാനില ഏറ്റെടുക്കുവാനുള്ള നടപടി ഉണ്ടാകണം. സംസ്കരിച്ചു സൂക്ഷിക്കുവാൻ ഏകദേശം അറുപതു രൂപയാണ് ചെലവു വരുന്നത്. കേരളത്തിൽ ഇ.ഇ.സി.യുടെ, (European Economic Community) അഞ്ചോ എട്ടോ ഗോഡൗണുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. മൂവാറ്റുപുഴ, എറണാകുളം അടക്കം കേരളത്തിൽ പല സ്ഥലത്തും കോടിക്കണക്കിനു രൂപ മുടക്കിയ European Economic Community-യുടെ ഗോഡൗൺ ഒഴിഞ്ഞു കിടക്കുന്നു. ഗോഡൗണുകളിൽ ഒന്ന് വിട്ടുകൊടുക്കുകയും കേരളത്തിൽ ഉല്പാദിപ്പിക്കുന്ന വാനില മുഴുവൻ ഏറ്റെടുക്കുവാനുള്ള നടപടി എടുക്കുകയും വേണം. പത്തുകോടി രൂപ മുടക്കിയാൽ കേരളത്തിൽ ഏകദേശം പത്തു ലക്ഷം ആളുകളെ സഹായിക്കുവാൻ കഴിയുന്ന വമ്പിച്ച ഒരു തൊഴിൽ സാദ്ധ്യത ഇതിലുണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റോ കേന്ദ്ര ഗവൺമെന്റോ, സ്പൈസസ് ബോർഡോ ഒരു നിലപാടെടുക്കണം. അങ്ങ് അതിനുവേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. സി. രാമൻ : അങ്ങയെപ്പോലുള്ള കർഷക സ്നേഹിതർ വല്ലാതെ താല്പര്യമെടുത്താണ് രണ്ടു ദശകം മുമ്പ് കൊക്കോ കൃഷി വ്യാപകമായി നാട്ടിൽ ചെയ്യാൻ ആവശ്യമായ ഒരു അവസ്ഥ ഉണ്ടാക്കിയത്. അന്ന് വളരെ പ്രതീക്ഷയോടെ ആ കൃഷിയിലേക്ക് നോക്കിയ കർഷകൻ പൂർണ്ണമായി അത് ഉപേക്ഷിക്കുകയും വലിയ പ്രതിസന്ധിയിൽ ആകുകയും ചെയ്തു. അതേ അവസ്ഥയാണ് ഇപ്പോൾ വാനിലയ്ക്ക് ഉണ്ടായത്. ആയിരക്കണക്കിനു രൂപ വില ഉണ്ടായിരുന്ന വാനിലയ്ക്ക് ഇപ്പോൾ വില ഇരുന്നൂറ്, ഇരുന്നൂറ്റിയമ്പത് രൂപയിലേക്ക് എത്തുകയാണ്. അപ്പോൾ ഇത്തരം അബദ്ധത്തിലേക്ക് കർഷകരെ ക്ഷണിക്കാതിരിക്കുന്നതല്ലേ നമുക്കു നല്ലത് ?

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് പ്രധാനപ്പെട്ട ഒരു കാര്യംതന്നെയാണ്. കൊക്കോയ്ക്ക് അങ്ങനെ ഒരു ദുരന്തമുണ്ടായി. ആ ദുരന്തം ഉണ്ടാകാതിരിക്കുവാൻ ഞാൻ ചൂണ്ടിക്കാണിക്കുന്ന മറ്റൊരു കാര്യംകൂടി ശ്രദ്ധിക്കുമ്പോൾ അങ്ങേയ്ക്ക് അത് മനസ്സിലാകും. നാച്ചുറൽ വാനില ഇന്ത്യയിൽ കാര്യമായി ഉപയോഗിക്കുന്നില്ല. ഒരു ശതമാനം നാച്ചുറൽ വാനില ഉപയോഗിക്കുവാൻ തയ്യാറായാൽ കൃഷിക്കാർ രക്ഷപ്പെടും. എക്സ്ട്രാക്ഷൻ യൂണിറ്റ് കേരളത്തിൽ ആരംഭിക്കാം. ബോംബെയിൽ ഐ.ഐ.ടി.യുമായി സഹകരിച്ച് value added ആയി ഇത് ഉണ്ടാക്കുവാൻ കഴിയുമെന്ന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അരോമതെറാപ്പി എന്നു പറഞ്ഞ് ആയുർവ്വേദത്തിൽ ഉപയോഗിക്കുന്ന, കൃത്രിമ മാർഗ്ഗത്തിലൂടെ അല്ലാതെ, അരോമതെറാപ്പി എന്നു പറയുന്ന, ആളുകൾക്ക് രോഗം മാറ്റുന്നതിനുവേണ്ടിയുള്ള ഒരു പുതിയ ചികിത്സാ രീതിതന്നെ വാനിലയുമായി ബന്ധപ്പെട്ട് വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതുപോലെതന്നെ ഐസ്ക്രീം, ബേക്കറി സാധനങ്ങൾ, ഫാസ്റ്റ് ഫുഡ്.....

മി. ഡെപ്യൂട്ടി സ്പീക്കർ : You can continue next time.

ശ്രീ. പി. ടി. തോമസ് : ഞാൻ അവസാനിപ്പിക്കാം. അതുപോലെ ചൈന വലിയ ഒരു മാർക്കറ്റാണ്. അതുകൊണ്ട് സർക്കാർ ഈ കാര്യത്തിൽ കുറേക്കൂടി ഗൗരവമായ സമീപനം എടുക്കണം. ഞാൻ അടുത്ത പ്രാവശ്യം വീണ്ടും സംസാരിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : You can continue next time.

(ചർച്ച തുടരും)

(2) 2004-ലെ കേരള (മത്സ്യത്തൊഴിലാളികളുടെ ഭാഗഭാഗിത്വത്തോടെയുള്ള) ബീച്ച് അധിഷ്ഠിത ടൂറിസം വികസന അതോറിറ്റി ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ : 2004-ലെ കേരള (മത്സ്യത്തൊഴിലാളികളുടെ ഭാഗഭാഗിത്വത്തോടെയുള്ള) ബീച്ച് അധിഷ്ഠിത ടൂറിസം വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ് : സർ, ഇത് കേരളത്തെ സംബന്ധിച്ച് സുപ്രധാനമായ ഒന്നാണ്. ഞാൻ 2004-ലെ കേരള (മത്സ്യത്തൊഴിലാളികളുടെ ഭാഗഭാഗിത്വത്തോടെയുള്ള) ബീച്ച് അധിഷ്ഠിത ടൂറിസം വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly